പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1819 10.02.2020 -ലെ മറുപടിക്ക്

# ചടയമംഗലം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചടയമംഗലം കെ.എസ്.ആർ. ടി. സി. സബ്.ഡിപ്പോക്ക് സൗജന്യമായി ലഭ്യമാക്കിയ ഭൂമിയിൽ ഒന്നര ഏക്കറിലധികം ഭൂമി നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് 3 ഏക്കർ 40 സെന്റ് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന് പട്ടയം ലഭിച്ചിട്ടില്ല. ഡിപ്പോയിൽ നിലവിൽ 58 ബസുകൾ സർവ്വീസ് നടത്തി വരുന്നു. ബസ്സുകൾ പാർക്കിംഗ് ചെയ്യുന്നതിനോടൊപ്പം ഗ്യാരേജ്, ഡീസൽ പമ്പ്, ഓഫീസ് കെട്ടിടം, ലേഡീസ് വെയിറ്റിംഗ് റൂം, ടോയിലറ്റ് ബ്ലോക്ക് എന്നിവയും നിലവിലെ സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു. |
| (ബി) | എം.സി. റോഡിനോട് ചേർന്ന് കിടക്കുന്ന ഈ ഭൂമി കൂടി ഉപയോഗപ്പെടുത്തി പ്രസ്തുത സബ് ഡിപ്പോയുടെ വികസനത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് 3 ഏക്കർ 40 സെന്റ് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ടെങ്കിലും ആയതിന് പട്ടയം ലഭിച്ചിട്ടില്ല. പഞ്ചായത്ത് വക സ്ഥലം കെ.എസ്.ആർ.ടി.സി യുടെ പേർക്ക് പതിച്ചു തരുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താൻ നിർവാഹമില്ലാത്തതാണ്. ബഹു.എം.പി. യുടെയോ, ബഹു.എം.എൽ.എ. യുടെയോ ആസ്തി വികസന ഫണ്ട് ലഭ്യമാകുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കാൻ സാധിക്കും. |
| (സി) | പ്രസ്തുത സബ്ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തി വന്നിരുന്ന സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് സർവ്വീസുകൾ നിർത്തലാക്കിയത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും<br><br>(ഡി) യും | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>കൃത്യമായ ഇടവേളകളിൽ യാത്രക്കാർക്ക് കൂടുതൽ ഗുണകരമാകുന്ന രീതിയിൽ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന ദേശസാൽകൃത റൂട്ടുകളിലും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ |

| | | | |
|---|---|---|---|
| (ഡി) | നിർത്തലാക്കിയ പ്രസ്തുത സർവ്വീസുകൾ അടിയന്തര മായി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയും, തൃശ്ശൂർ മുതൽ പാലക്കാട് വരെയും, തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളും കൃത്യമായ ഇടവേളകളിലായി ക്രമീകരിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങളുടെ ഭാഗമായി ബസ്സുകൾ പ്രധാന ഡിപ്പോകളിലേയ്ക്ക് മാറ്റിയതിൻ പ്രകാരമാണ് ചടയമംഗലം യൂണിറ്റിൽ നിന്ന് 3 സർവ്വീസുകൾ മാറ്റിയിട്ടുള്ളത്. എന്നാൽ ടി സർവ്വീസുകൾ എല്ലാം ടി ഡിപ്പോയിലൂടെ യഥാസമയം തന്നെ കടന്ന് പോകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ യാത്രക്കാർക്കും കോർപ്പറേഷനും വളരെയധികം പ്രയോജനകരമാകുന്നതിനാൽ ടി ക്രമീകരണം മാറ്റുന്നതിന് നിർവ്വാഹമില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**